**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5103** **20-03-2025 - ൽ മറുപടിയ്ക്ക്**

**കരമന-വെള്ളറട റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കരമന-വെള്ളറട റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഭൂമി ഏറ്റെടുക്കലിനായുള്ള തുക അനുവദിക്കുന്നതിന് വകുപ്പ് മുഖേന ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | കരമന - വെള്ളറട റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് മൂന്ന് റീച്ചുകളായാണ്. പ്രസ്തുത മൂന്ന് റീച്ചുകളിലെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**റീച്ച് 1** - കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ.<br><br>2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക 117 കോടി രൂപ അർത്ഥനാധികാരിയായ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കോർപ്പറേഷൻ ലിമിറ്റഡ് (RICK) എം ഡി യിൽ നിന്നും ആവശ്യപ്പെട്ടത് ഫണ്ടിന്റെ ലഭ്യത കുറവ് കാരണം ലഭ്യമാകാത്തതിനാൽ സെക്ഷൻ 19(7) ലെ വ്യവസ്ഥ പ്രകാരം പ്രാഥമിക വിജ്ഞാപനം റദ്ദായിട്ടുള്ളതാണ്.<br><br>**റീച്ച് 2** - കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ &<br><br>**റീച്ച് 3** - ഞാറവിള മുതൽ വെള്ളറട വരെ<br><br>രണ്ടു റീച്ചുകളിലും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ